# നവോത്ഥാനത്തിന്റെ മൗലിക പ്രമേയം

ഖുർആനിലേക്കും സുന്നതിലേക്കും മടങ്ങാനുള്ള ആഹ്വാനം, മതവിഷയങ്ങളിൽ ഇജ്തിഹാദിന്റെ ആവശ്യകത, അന്യസംസ്കാരങ്ങളെക്കാളും ജീവിതരീതികളെക്കാളും ഇസ്‌ലാമിക ദർശനത്തിനുള്ള അപ്രമാദിത്വവും അദ്വിതീയതയും സ്ഥാപിക്കൽ എന്നീ മൗലികമായ മൂന്ന് പോയിന്റുകളിലാണ് എക്കാലത്തെയും ഇസ്‌ലാമിക നവോത്ഥാനം ഊന്നിയിട്ടുള്ളത്.

ഇസ്‌ലാമിക സമൂഹം കാലാകാലങ്ങളിൽ ജീർണിക്കാനും അധഃപതിക്കാനുമുള്ള അടിസ്ഥാന കാരണം, അവർ ഇസ്‌ലാമിന്റെ മൗലിക സ്രോതസ്സായ ഖുർആനും സുന്നതും കൈയൊഴിച്ചുകൊണ്ട് അന്യസംസ്കാരങ്ങളും ജീവിതരീതികളും വാരിപ്പുണർന്നതാണെന്ന് നവോത്ഥാനത്തിന്റെ വക്താക്കൾ മനസ്സിലാക്കിയിരുന്നു. അതിനാൽ അവർ ഇസ്‌ലാമിക സമൂഹത്തെ ബാധിച്ച ജാഹിലിയ്യതിന്റെ വ്യാപ്തിയും സ്വാധീനവും നന്നായി വിശകലനം ചെയ്തശേഷം ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ ഇസ്‌ലാമിക തത്ത്വങ്ങളെയും ജീവിത രീതികളെയും വിശദീകരിച്ചുകൊടുക്കുകയും  അവയെ തങ്ങളുടെ ജീവിതത്തിന്റെ അടിത്തറയായി സ്വീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.

ഇസ്‌ലാമിക നവോത്ഥാനം ഊന്നിയ രണ്ടാമത്തെ മൗലിക പ്രമേയം ഇജ്തിഹാദു ഫിദ്ദീൻ (മത വിഷയങ്ങളിലെ ഗവേഷണം) ആണ്. ഇസ്‌ലാമിക വ്യവസ്ഥയുടെ ചലന തത്ത്വമാണത്. ഇസ്‌ലാമിൽ അന്തർലീനമായിക്കിടക്കുന്ന അമരമായ ചൈതന്യസരിത്ത്. പരിവർത്തനോന്മുഖമായ കാലത്തിന്റെ ദശാസന്ധികൾ തരണം ചെയ്യാതെ ഒരു സമുദായത്തിനും മുമ്പോട്ട് ചരിക്കാൻ സാധ്യമല്ല. മുസ്‌ലിം സമുദായത്തിന് കാലത്തിന്റെ പ്രശ്ന സങ്കീർണതകളും വെല്ലുവിളികളും നേരിടാൻ കരുത്താർജിച്ചു കൊടുക്കുന്നതും ഇസ്‌ലാമിന്റെ ശാശ്വത സ്വഭാവം നിലനിർത്തിപ്പോരുന്നതും ജീവിക്കാൻ അർഹത നേടിക്കൊടുക്കുന്നതും ഇജ്തിഹാദിന്റെ ഈ ചൈതന്യ പ്രസരണമത്രെ. ജീവിത പ്രവാഹത്തെ ഇസ്‌ലാമിക മാർഗനിർദേശങ്ങളനുസരിച്ച് മുന്നോട്ട് നയിക്കുന്നതിനുള്ള സർഗാത്മക ചിന്ത ഇജ്തിഹാദിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ. ഇസ്‌ലാമികാദർശത്തിന്റെ ഈ സർഗാത്മക ഭാവം അവഗണിച്ചുകൊണ്ട് ഇസ്‌ലാമിക സമൂഹം അന്ധമായ അനുകരണ(തഖ്‌ലീദ്)ത്തിലേക്ക് കൂപ്പുകുത്തിയതാണ് ഇസ്‌ലാമിക ചിന്തയുടെയും വിജ്ഞാനത്തിന്റെയും മുരടിപ്പിനും തദ്വാരാ ഇസ്‌ലാമിക സമൂഹത്തിന്റെ ചിന്താപരവും ധാർമികവുമായ അപചയത്തിനുമുള്ള പ്രധാന കാരണമെന്ന് നവോത്ഥാന നായകർ തിരിച്ചറിയുകയും ഇജ്തിഹാദിന്റെ ആവശ്യകതയെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുകയും ചെയ്തു.

ഇസ്‌ലാമികാദർശത്തിന്റെ അപ്രമാദിത്വവും അദ്വിതീയതയും സ്ഥാപിക്കുകയാണ് ഇസ്‌ലാമിക നവോത്ഥാനം ഊന്നിയ മൂന്നാമത്തെ മൗലിക പ്രമേയം. അനിസ്‌ലാമിക  സംസ്കാരങ്ങളുടെയും  ജീവിതരീതികളുടെയും സ്വാധീനം കാരണം മുസ്‌ലിംകളുടെ ജീവിതത്തിൽ ഒട്ടേറെ അപഭ്രംശങ്ങൾ സംഭവിച്ച കാര്യം തിരിച്ചറിഞ്ഞ നവോത്ഥാന നായകർ അത്തരം മാലിന്യങ്ങളിൽനിന്ന് ഇസ്‌ലാമിക സമൂഹത്തെ ശുദ്ധീകരിച്ച് അതിന്റെ മൗലിക വിശുദ്ധി വീണ്ടെടുക്കാൻ പരിശ്രമിക്കുകയുണ്ടായി.

ഇമാം ഗസ്സാലിയെപ്പോലുള്ള ആദ്യകാല പരിഷ്കർത്താക്കൾ മുതൽ ആധുനിക ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങൾ വരെയുള്ള എല്ലാ പരിഷ്കരണ സംരംഭങ്ങളും മുകളിൽ വിവരിച്ച മൂന്ന് സംഗതികളിൽ ഊന്നിയാണ് പ്രവർത്തിച്ചിരുന്നത്; ശൈലിയിലും വിശദാംശങ്ങളിലും അവർക്കിടയിൽ വ്യത്യാസങ്ങളുണ്ടായിരിക്കാമെങ്കിലും.